## പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2474 — 23.01.2014 ൽ മറുപടിക്ക്

വഖഫ് ബോർഡിന്റെ വസ്തുക്കൾ

| **ചോദ്യം**<br>**ശ്രീ.വി.ശശി** | **ഉത്തരം**<br>**ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി**<br>ബഹു. വ്യവസായവും<br>വിവരസാങ്കേതികവും വകുപ്പുമന്ത്രി |
|---|---|
| (എ) വഖഫ് ബോർഡിന്റെ അധീനതയിലുള്ള വഖഫ് വസ്തുക്കളെ അളന്ന് തിട്ടപ്പെടുത്തുന്നതിനും അന്യാധീനപ്പെട്ടത് തിരിച്ച് പിടിക്കുന്നതിനും സർക്കാർ ചെലവിൽ ഒരു സർവ്വേ കമ്മീഷണറെ നിയമിച്ച് നാലു മാസത്തിനുള്ളിൽ നടപടി പൂർത്തീകരിക്കണമെന്ന നിർദ്ദേശം കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചിട്ടുണ്ടോ;<br><br>(ബി) എങ്കിൽ അത് എന്നാണ് ലഭിച്ചത്; അതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ? | (എ) യും (ബി) യും വഖഫ് സർവ്വെ കമ്മീഷറെ നിയമിക്കുന്നതിനുള്ള കേന്ദ്ര സർക്കാരിന്റെ പ്രത്യേക നിർദ്ദേശം ലഭിച്ചിട്ടില്ല. എന്നാൽ വഖഫ് നിയമ പ്രകാരം 1997 ആഗസ്റ്റ് 10-ാം തീയതിയിലെ അസാധാരണ ഗസറ്റ് വിജ്ഞാപന പ്രകാരം വഖഫ് സർവ്വെ കമ്മീഷണിറെ നിയമിച്ചിരുന്നു. പ്രസ്തുത വിജ്ഞാപനത്തിൽ കാലാനുസൃതമായ മാറ്റം വരുന്നതിന്റെ നിയമ സാധ്യത സർക്കാർ സജീവമായി പരിശോധിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ

## പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2475 23.01.2014 ൽ മറുപടിക്ക്

വഖഫ് ബോർഡിന് അനുവദിച്ച ധനസഹായം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.വി.ശശി** | **ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി**<br>ബഹു. വ്യവസായവും<br>വിവരസാങ്കേതികവും വകുപ്പുമന്ത്രി |

(എ) വഖഫ് ബോർഡിന് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഓരോ വർഷവും എത്ര രൂപ വീതം വിവിധ ഇനങ്ങളിലായി ധനസഹായം നൽകിയെന്ന് വ്യക്തമാക്കാമോ;

(എ) **അഡ്മിനിസ്ട്രേറ്റീവ് ഗ്രാന്റ്**

| ക്രമ നം | ഗ്രാന്റ് അനുവദിച്ച വർഷം | തുക |
|---|---|---|
| 1. | 2006-2007 | 50 ലക്ഷം രൂപ |
| 2. | 2007-2008 | 50 ലക്ഷം രൂപ |
| 3. | 2008-2009 | 60 ലക്ഷം രൂപ |
| 4. | 2009-2010 | 50 ലക്ഷം രൂപ |
| 5. | 2010-2011 | 55 ലക്ഷം രൂപ |

**സോഷ്യൽ വെൽഫെയർ ഗ്രാന്റ്**

| ക്രമ നം | ഗ്രാന്റ് അനുവദിച്ച വർഷം | തുക |
|---|---|---|
| 1. | 2006-2007 | 50 ലക്ഷം രൂപ |
| 2. | 2007-2008 | 50 ലക്ഷം രൂപ |
| 3. | 2008-2009 | 50 ലക്ഷം രൂപ |
| 4. | 2009-2010 | ഒരു കോടി രൂപ |
| 5. | 2010-2011 | ഒരു കോടി രൂപ |